# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2513 — 27.01.2014 ൽ മറുപടിക്ക്

**ആരോഗ്യ നയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>,, ജോസ് തെറ്റയിൽ<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. സി. കെ. നാണു | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2013 ൽ പ്രഖ്യാപിച്ച കരട് ആരോഗ്യനയം അന്തിമമാക്കിയിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) പ്രസ്തുത ആരോഗ്യനയത്തെപ്പറ്റി ഏതെല്ലാം തലത്തിൽ ചർച്ച നടത്തിയിട്ടുണ്ട് ; | (ബി) സംസ്ഥാനത്തിന് ഒരു പൊതുജനാരോഗ്യനയം രൂപീകരിക്കുന്നതിനു വേണ്ടി സർക്കാർ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ വിദഗ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും വിവിധ വിഭാഗം ജനങ്ങൾ / സംഘടനകളിൽനിന്ന് അഭിപ്രായം ആരായുകയും ചെയ്തു. പരിഷ്കരിച്ച കരട് നയത്തിന്റെ വിശദാംശങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ അടങ്ങുന്ന യോഗത്തിൽ അവതരിപ്പിച്ച് ചർച്ച നടത്തുകയും തുടർന്ന് 2014 ജനുവരി 22 ന് ആരോഗ്യ വകുപ്പ് സെക്രട്ടറി ആരോഗ്യവകുപ്പിനു കീഴിലെ വിവിധ വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. |
| (സി) ജീവൻ രക്ഷാ മരുന്നുകളുടേത ടക്കം വില വർദ്ധിച്ച് വരുന്നത് തടയാൻ ആരോഗ്യ നയത്തിൽ എന്തെങ്കിലും നിർദ്ദേശം ഉണ്ടോ;<br><br>(ഡി) വില നിയന്ത്രിക്കുവാൻ ഇതിനോ ടകം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ? | (സി) യും (ഡി) യും മരുന്നുകളുടെ വില നിയന്ത്രണം ആരോഗ്യനയത്തിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ മരുന്നുവില നിയന്ത്രണവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ എത്തുന്ന എല്ലാ രോഗികൾക്കും ജനറിക് മരുന്നുകൾ സൗജന്യമായി നൽകി വരുന്നു. കൂടാതെ മാർക്കറ്റ് വിലയിലും കാര്യമായി കുറഞ്ഞ വിലയിൽ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും കാരുണ്യ ഫാർമസികളിലൂടെ ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ